**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 674** **02-02-2023 - ൽ മറുപടിയ്ക്ക്**

**കയർ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കയർ വകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കാമോ; | (എ) | കയർ മേഖലയിൽ യന്ത്രവത്ക്കരണത്തിന്റെ ഭാഗമായി ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ, ഇ-റാട്ടുകൾ, ഡീഫൈബറിംഗ് യൂണിറ്റുകൾ, ഓട്ടോമാറ്റിക് ലൂമുകൾ എന്നിവ സ്ഥാപിക്കുക വഴി കയർ സഹകരണ സംഘങ്ങളുടെ പശ്ചാത്തല സൗകര്യങ്ങളും അടിസ്ഥാന സൗകര്യങ്ങളും നവീകരിച്ചു വരുന്നു.<br><br>മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി മണ്ണ്-ജല-സംരക്ഷണ പ്രവർത്തനങ്ങൾക്ക് കയർ ഭൂവസ്ത്രങ്ങളുടെ വിനിയോഗം വ്യാപിപ്പിച്ചു വരുന്നു. കയർ ബെയർ ഷീറ്റുകൾ ഉപയോഗിച്ച് മെത്ത നിർമ്മിക്കുന്നതിനുള്ള കയർ മാട്രസ് സ്റ്റിച്ചിംഗ് & ഫിനിഷിംഗ് യൂണിറ്റ് ആരംഭിക്കുന്നതിന് ഫോമാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.<br><br>പരമ്പരാഗത ഉല്പന്നങ്ങളുടെ വിപണനം ലക്ഷ്യമിട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവ വഴി ‘കയറിനൊപ്പം പ്രകൃതിക്കൊപ്പം' എന്ന പേരിൽ കേരളമാകെ കയറുല്പന്നങ്ങൾ വിപണനം ചെയ്യുന്ന പദ്ധതി കേരള സംസ്ഥാന കയർ കോർപ്പറേഷൻ നടപ്പാക്കി വരുന്നു. കൂടാതെ പൊതുമരാമത്ത് വകുപ്പ്, കേരള ബാങ്ക്, കെ.എസ്.എഫ്.ഡി.സി, മത്സ്യഫെഡ്, കെ.എം.എം.എൽ. എന്നീ സർക്കാർ സ്ഥാപനങ്ങൾക്കും ഈ പദ്ധതിയിലൂടെ ഉല്പന്നങ്ങൾ വിറ്റഴിച്ചിട്ടുണ്ട്. ഉയർന്ന നിലവാരമുള്ള മെത്തകൾ ഉല്പാദിപ്പിക്കുന്നതിനായി കയർ മാട്രസ് ഫിനിഷിംഗ് യൂണിറ്റ് സ്ഥാപിച്ച് പ്രവർത്തനങ്ങൾ നടത്തി വരുന്നു. ഫോംമാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡിൽ പുതിയ വുഡ് |

| | | | |
|---|---|---|---|
| | | | ഫയേർഡ് തെർമിക് ഫ്ലൂയിഡ് ഹീറ്റർ സ്ഥാപിക്കുക വഴി ഇന്ധനചെലവ് ലാഭിക്കാൻ സാധിച്ചു. |
| (ബി) | പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതിവിവരം ലഭ്യമാക്കാമോ? | (ബി) | കേരള സംസ്ഥാന കയർ കോർപ്പറേഷൻ ‘കയറിനൊപ്പം പ്രകൃതിക്കൊപ്പം” എന്ന പദ്ധതിയിലൂടെ നാളിതുവരെ മൂന്ന് കോടി രൂപയുടെ പരമ്പരാഗത ഉല്പന്നങ്ങൾ വിറ്റഴിക്കുകയും തുടർ പ്രവർത്തനങ്ങൾ നടത്തി വരുകയുമാണ്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ 53.59 ലക്ഷം ച. മീ. കയർ ഭൂവസ്ത്ര വിനിയോഗത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി തയ്യാറാക്കി മുന്നോട്ട് വന്നിട്ടുണ്ട്. കേരളത്തിനു പുറത്ത് മറ്റ് സംസ്ഥാനങ്ങളിലേക്ക് കയർ ഭൂവസ്ത്രത്തിന്റെ വിപണി കണ്ടെത്തുന്നതിനുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി വടക്ക്, വടക്കു കിഴക്ക് മറ്റ് ഉത്തരേന്ത്യൻ സംസ്ഥാനങ്ങൾ എന്നിവിടങ്ങളിലെ സർക്കാർ ഏജൻസികളുമായി കേരള സംസ്ഥാന കയർ കോർപ്പറേഷൻ ചർച്ചകൾ നടത്തി വരുന്നു.<br><br>ഫോംമാറ്റിംഗ്സ് (ഇന്ത്യാ) ലിമിറ്റഡിൽ പുതിയ വുഡ് ഫയേർഡ് തെർമിക് ഫ്ലൂയിഡ് ഹീറ്റർ സ്ഥാപിക്കുക വഴി ഇന്ധനചെലവ് ലാഭിക്കാൻ സാധിച്ചു. |

സെക്ഷൻ ഓഫീസർ